മാധ്യമം

19 October 2019

# ഇന്ത്യൻ മത്സ്യമേഖലയെ അടുത്തറിഞ്ഞ് വിദേശസംഘം

കൊച്ചി: ഇന്ത്യയിലെ സമുദ്രമത്സ്യ മേഖലയെക്കുറിച്ചും മത്സ്യകൃഷി രീതികളെക്കുറിച്ചും മനസ്സിലാക്കാൻ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ) എത്തിയ വിദേശസംഘമാണ് കടലിൽനിന്ന് പിടിക്കുന്ന വിവിധ മത്സ്യയിനങ്ങളെയും അവയുടെ വിപണനരീതികളെയുംകുറിച്ചറിയാൻ തുറമുഖത്തെത്തി. ആഫ്രിക്കൻ-ഏഷ്യൻ മേഖലകളിൽനിന്നുള്ള 10 രാജ്യങ്ങളിലെ ഫിഷറീസ് ഉദ്യോഗസ്ഥരെ പരിശീലിപ്പിക്കുന്നതിന് സി.എം.എഫ്.ആർ.ഐ നടത്തുന്ന 15 ദിവസത്തെ രാജ്യാന്തര ശിൽപശാലയുടെ ഭാഗമായായിരുന്നു തുറമുഖ സന്ദർശനം.